DGE/13600/2025-Y2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 04-12-2025
ഇ-മെയിൽ : supdty.dge@kerala.gov.in

NO TO DRUGS

# ക്വട്ടേഷൻ നോട്ടീസ്

വിഷയം:- പൊതുവിദ്യാഭ്യാസം -64-മത് കേരള സ്കൂൾ കലോത്സവം 2025-26 - സിസിടിവി/വീഡിയോ കവറേജ് ക്വട്ടേഷൻ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന :-

******************

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ജില്ലയിലെ വിവിധ വേദികളിലായി 2026 ജനുവരി 14 മുതൽ 18 വരെയുള്ള തീയതികളിൽ നടക്കുന്നു. പ്രസ്തുത കലോത്സവത്തിന്റെ സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി സി.സി.റ്റി.വി ക്യാമറകൾ എല്ലാ വേദികളിലും, പൊതുജനങ്ങൾ തിങ്ങിനിൽക്കുന്ന സ്ഥലങ്ങളിലും സ്ഥാപിക്കുവാനും, വേദികളിൽ മത്സര ഇനങ്ങൾ നടക്കുന്ന സമയത്ത് മത്സര ഇനങ്ങൾ വീഡിയോ കവറേജ് ചെയ്യുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന തരത്തിലുള്ള “Configuration” നോട് കൂടിയ ദർഘാസുകൾ പ്രത്യേകമായി ക്ഷണിച്ചുകൊള്ളുന്നു.

## 1) C.C.T.V

1. 125 HD Night Vision Cameras
2. 1 TB Surveillance Hard disk
3. 24 hrs. Monitoring
4. Online View
5. DVR, SMPS, LED Monitors and connection as per requirements

## 2) വീഡിയോ കവറേജ്

1. കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 മുതൽ 18 വരെയുള്ള തീയതികളിൽ തൃശ്ശൂർ ജില്ലയിലെ വിവിധ വേദികളിൽ വച്ച് നടക്കുകയാണ്. വേദികളിൽ മത്സര ഇനങ്ങൾ നടക്കുന്ന സമയത്ത് മത്സര ഇനങ്ങൾ വീഡിയോ കവറേജ് ചെയ്യേണ്ടതാണ്. ടി തയ്യാറാക്കുന്ന സി.ഡി.കൾ- പെൻ ഡ്രൈവ് മത്സരം കഴിഞ്ഞ് 2 മണിക്കൂറിനകം പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറെ (ജനറൽ) ഏൽപ്പിക്കേണ്ടതും, സംസ്ഥാനതല അപ്പീൽ കമ്മിറ്റിക്ക് ആവശ്യമായ വിവരങ്ങൾ നൽകേണ്ടതുമാണ്.

2. വേദിയിൽ നടക്കുന്ന മത്സരങ്ങളുടെ തത്സമയ ദൃശ്യങ്ങൾ പന്തലിൽ ഇരിക്കുന്ന ഏവർക്കും കാണത്തക്ക രീതിയിൽ പ്രത്യേകം പ്രധാന വേദികളായ തേക്കൻ കാട് മൈതാനത്ത് (12*12) 6 എൽ ഇ ഡി വാളുകൾ മറ്റ് ആവശ്യമുള്ള വേദികളിൽ ടി.വി-കൾ തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

3. വീഡിയോ കവറേജിന് കരാർ നേടുന്നവർക്ക് പ്രസ്തുത വീഡിയോകളുടെ പകർപ്പവകാശം കൂടി നൽകുന്നതാണ്. ആയതിനാൽ ഇപ്രകാരം ലഭിക്കുന്ന പകർപ്പവകാശം കൂടി കണക്കിലെടുത്ത് വേണം തുക ക്വാട്ട് ചെയ്യേണ്ടത്.

4. ഈ കലോത്സവത്തിൻറെ മുഴുവൻ ദൃശ്യങ്ങളും സി.ഡി.യിലാക്കി ആവശ്യപ്പെടുന്ന മത്സരാർത്ഥിക്ക്

കൂടുതൽ തുക ഈടാക്കാതെ നൽകാവുന്നതാണ്.

5. വീഡിയോ കവറേജ് ചെയ്യുന്നതിന് ആവശ്യമായ ജനറേറ്റർ, മറ്റ് ഇലക്ട്രിക്/ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഏജൻസി സ്വയം തയ്യാറാക്കേണ്ടതാണ്.

6. വീഡിയോ കവറേജ് ജോലിയിൽ ഏർപ്പെടുന്നവരെപ്പറ്റി വിശദമായ വിവരങ്ങൾ മേള തുടങ്ങുന്നതിന് 10 ദിവസം മുമ്പ് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) നെ ഏൽപ്പിക്കേണ്ടതാണ്. ഇവർക്ക് പ്രത്യേക ഐഡൻറിഫിക്കേഷൻ കാർഡ് നൽകുന്നതാണ്. കലോത്സവത്തിന്റെ നടത്തിപ്പിന് യാതൊരു തടസ്സവും ഏർപ്പെടുത്താതെ വേണം വീഡിയോ കവറേജ് ചെയ്യുവാൻ.

7. വീഡിയോ കവറേജ് ഏറ്റെടുക്കുന്ന ഏജൻസി, അപരിചിതരായവരെയോ, മറ്റേതെങ്കിലും തരത്തിൽ കുറ്റകരമായ വാസനയുള്ളവരെയോ ജോലി ഏൽപ്പിക്കുവാൻ പാടുള്ളതല്ല.

8. മുകളിൽ സൂചിപ്പിച്ച നിബന്ധനകൾക്കു പുറമേ ഏതെങ്കിലും നിബന്ധനകൾ പുതിയതായി ഏർപ്പെടുത്തുവാനോ, അല്ലെങ്കിൽ പരിപൂർണ്ണമായോ, ഭാഗികമായോ വീഡിയോ കവറേജ് പരിപാടി നിർത്തിവയ്ക്കുവാനോ, അല്ലെങ്കിൽ കലോത്സവം തുടങ്ങിയശേഷം വേണ്ടെന്ന് വെയ്ക്കുവാനോ ഉള്ള പൂർണ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്.

9. കലോത്സവത്തിനോടനുബന്ധിച്ച് നടത്തുന്ന പതാക ഉയർത്തൽ ഉൾപ്പെടെ, എല്ലാ മത്സര ഇനങ്ങളും (രചനാ മത്സരങ്ങൾ ഒഴികെ) എന്നിവ വീഡിയോയിൽ പകർത്തേണ്ടതാണ്.

10. അപ്പീൽ കമ്മിറ്റിയുടേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലത്തും സമയത്തും സി.ഡി/വീഡിയോ പ്രദർശനം നടത്തേണ്ടതാണ്.

11. പകർത്തിയ സി.ഡി.യുടെ പകർപ്പുകൾ ജനറൽ കൺവീനർക്ക് നൽകിയതിന് ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോട് മാത്രമേ വിൽപ്പന നടത്താവൂ.

12. ക്ലോസ്ഡ് സർക്യൂട്ട് ടി.വി. യിൽ പരസ്യങ്ങൾ സംപ്രേഷണം ചെയ്യുന്നതിന് ജനറൽ കൺവീനറുടെ മുൻകൂട്ടിയുള്ള അനുമതി തേടണം. സംപ്രേഷണം ചെയ്യാൻ ഉദ്ദേശിക്കുന്ന പരസ്യങ്ങളുടെ പൂർണ്ണ വിവരങ്ങൾ നേരത്തെ നൽകി വേണം അതിനുള്ള അനുമതി തേടേണ്ടത്.

13. പകർപ്പവകാശം ലഭിക്കുന്ന വ്യക്തി മേൽ നിർദ്ദേശങ്ങൾ അംഗീകരിക്കാത്ത പക്ഷം ഏതു സമയത്തും അനുമതി റദ്ദാക്കുന്നതിനും ഇതുമൂലം ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന നഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും എതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

14. ഡിപ്പാർട്ട്മെൻറ് അനുവദിക്കുന്ന വ്യക്തിക്കല്ലാതെ (മാധ്യമങ്ങൾ, ന്യൂസ് ഏജൻസി ഒഴികെ) മറ്റാർക്കും വേദിയിൽ നിന്നും പരിപാടികൾ വീഡിയോയിൽ പകർത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

15. മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി, ക്വട്ടേഷൻ സമർപ്പിക്കുവാനും തയ്യാറായവർ **2025 ഡിസംബർ 17-ന് വൈകുന്നേരം 5 മണിക്ക്** മുമ്പായി **പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ), തിരുവനന്തപുരം-** ന് നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. 2025 ഡിസംബർ 18-ന് രാവിലെ 11 മണിക്ക് ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും സ്വീകാര്യമായത് സ്വീകരിക്കുന്നതുമായിരിക്കും. ക്വട്ടേഷൻ ഉറപ്പിക്കുന്ന സമയത്ത് ക്വട്ടേഷൻ അംഗീകരിക്കുന്ന വ്യക്തി ഉടൻ തന്നെ 25000/- രൂപ അടയ്ക്കേണ്ടതും ബാക്കി തുക രണ്ട് തവണകളായി കലോത്സവം തുടങ്ങുന്നതിന് മുമ്പ് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

Signed by
Umesh N S K
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
Date: 04-12-2025 19:11:30